# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/32/2018 2018 ഫെബ്രുവരി 14

## <u>പത്രക്കുറിപ്പ്</u>

**<u>മാതൃകാ ഓൺലൈൻ ചോദ്യപേപ്പർ ഡൗൺലോഡിംഗ്</u>**

ഫെബ്രുവരി 21ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ പി.ജി. (സി.എസ്.എസ്.) പരീക്ഷയുടെ മാതൃകാ ഓൺലൈൻ ചോദ്യപേപ്പർ ഡൗൺലോഡിംഗ് 19ന് ഉച്ചയ്ക്ക് 1 മണിക്ക് നടത്തുന്നതാണ്. ഈ ട്രയൽ റണ്ണിനുവേണ്ട സജ്ജീകരണങ്ങൾ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ ഏർപ്പെടുത്തേണ്ടതാണ്. പ്രിൻസിപ്പൽമാരുടെ ഐ,ഡി. മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവയിൽ മാറ്റങ്ങളുണ്ടെങ്കിൽ ആയത് പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ - XXI നെ രേഖാമൂലം 17ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് മുമ്പായി അറിയിക്കേണ്ടതാണ്. എല്ലാ ബിരുദാനന്തരബിരുദ പരീക്ഷാകേന്ദ്രങ്ങളുടെയും പ്രിൻസിപ്പൽമാർ മാതൃകാ ചോദ്യപേപ്പർ ഡൗൺലോഡിംഗിൽ പങ്കെടുക്കേണ്ടതാണ്. ഹെൽപ്പ്ലൈൻ നമ്പരുകൾ: 0481 – 2731011, 27033470, 2733471, 2733467, ഇ-മെയിൽ: ar21exams@mgu.ac.in

**<u>വൈവാവോസി</u>**

2017 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ വൈവാവോസി ഫെബ്രുവരി 21ന് മഹാത്മാഗാന്ധി സർവ്വകലാശാലാ സിൽവർ ജൂബിലി പരീക്ഷാഭവനിലെ 201-ാം നമ്പർ മുറിയിൽവച്ച് നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>എം.ഫിൽ പ്രവേശന റാങ്ക് ലിസ്റ്റ്</u>**

സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2017-2018 എം.ഫിൽ ബാച്ച് അഡ്മിഷനുവേണ്ടി നടത്തിയ പ്രവേശന പരീക്ഷയിൽ യോഗ്യരായവരുടെ റാങ്ക്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിലും പഠനവകുപ്പിലും ലഭ്യമാണ്.

**<u>പി.എച്ച്.ഡി. നൽകി</u>**

കൊമേഴ്സിൽ എൻ. ഡീൻ റോയ്, രജനി ബി. ഭട്ട് എന്നിവർക്കും ഇംഗ്ലീഷിൽ വി.എസ്. ജയിൻലാലിനും മലയാളത്തിൽ ബോബി ചാക്കോയ്ക്കും പി.എച്ച്.ഡി. നൽകാൻ മഹാത്മാഗാന്ധി സർവ്വകലാശാല തീരുമാനിച്ചു.

**<u>പരീക്ഷാഫലം</u>**

2017 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. കളിനറി ആർട്സ് ആന്റ് കാറ്ററിംഗ് ടെക്നോളജി (മോഡൽ I - സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

2017 മെയ്/ജൂൺ മാസങ്ങളിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടി.എ. (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ മൂന്നും നാലും സെമസ്റ്റർ ബി.കോം (പ്രൈവറ്റ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ബയോകെമിസ്ട്രി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**